**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 516** — **19.05.2017-ൽ മറുപടിക്ക്**

**കടൽമത്സ്യ വിഭവശോഷണം സംബന്ധിച്ച് പഠനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എം.ആരിഫ്<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കടൽ മത്സ്യ വിഭവശോഷണം, കായൽ അലങ്കാര മത്സ്യകൃഷി എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | കേരള തീരത്ത് നടപ്പാക്കി വരുന്ന ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് വിദഗ്ധ സമിതി പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ മത്സ്യ ലഭ്യതയിൽ കുറവ് കാണുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ, ഫിഷറീസ് വകുപ്പിന്റെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം 9 ജില്ലകളിൽ നടത്തിയ മറൈൻ ക്യാച്ച് അസെസ്മെന്റ് സർവ്വെയുടെ 2006-07 മുതലുള്ള 10 വർഷത്തെ കടൽ മത്സ്യ ഉല്പാദനത്തിന്റെ കണക്കുകൾ പ്രകാരവും മത്സ്യോല്പാദനത്തിൽ കുറവ് വന്നതായി കണ്ടെത്തിയിട്ടുണ്ട്. 10 വർഷത്തെ കടൽ മത്സ്യോല്പാദനത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | കായൽ അലങ്കാര മത്സ്യകൃഷി പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ബി) | അലങ്കാര മത്സ്യകൃഷി പുനരുദ്ധരിക്കുന്നതിനായി കേരള അക്വാ വെഞ്ച്വേഴ്സ് ഇന്റർ നാഷണൽ ലിമിറ്റഡ് (KAVIL) സമർപ്പിച്ച പ്രോപ്പോസൽ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസലിൽ ഇപ്പോഴുള്ള അടിസ്ഥാന സൗകര്യങ്ങൾ പുനരുദ്ധീകരിച്ച് കേരളത്തിലെ വിവിധ ജില്ലകളിലെ മത്സ്യ കർഷക വികസന ഏജൻസിയുമായി സഹകരിച്ച് അലങ്കാര മത്സ്യകൃഷി വിപുലീകരിക്കുന്നതിനും ഉത്പാദിപ്പിക്കുന്ന അലങ്കാര മത്സ്യങ്ങൾ KAVIL വഴി വിപണനം നടത്തുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**2006-07 മുതൽ 2015-16 വരെയുള്ള കാലയളവിലെ കടൽ മത്സ്യ ഉല്പാദനം സ്ഥിതി വിവര കണക്ക്**

| *Sl. No.* | *Year* | *Production (Metric Tonne)* |
|---|---|---|
| 1 | 2006-07 | 598057 |
| 2 | 2007 - 08 | 586286 |
| 3 | 2008 -09 | 583150 |
| 4 | 2009 -10 | 570013 |
| 5 | 2010- 11 | 560398 |
| 6 | 2011 -12 | 553177 |
| 7 | 2012- 13 | 530638 |
| 8 | 2013- 14 | 522308 |
| 9 | 2014- 15 | 524468 |
| 10 | 2015- 16 | 516745 |

സെക്ഷൻ ഓഫീസർ